PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Friday, the 8th November, 1963

Vol. XVII] OFFICIAL REPORT [No. 26

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 8th November 1963 with Mr. Speaker in the Chair.

SHORT NOTICE QUESTION AND ANSWER

(The number within brackets indicates the number in the list of admitted questions for the day)

Mr. Speaker : Short Notice Question No. 22

Shri K. Narayana Kurup : Sir, I am not putting the question.

ADJOURNMENT MOTION

(i) *Strike in the Desamitram Press*

Mr. Speaker: I have received notice of a motion under Rule 49 from Shri T. C. Narayanan Nambiar to discuss a matter of urgent public importance resulting from the situation in the Desamitram Press in Cannanore. I call upon the hon. Minister to state the facts.

Minister for Home Affairs (**Shri P. T. Chacko**) Sir, the notice was received only a few minutes back. Government require some time to ascertain the facts, and the facts can be placed before the House the next day.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഫാക്റ്റ്സ് അറിയുന്നതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ശരിയാണു്. എങ്കിലും ഈ പ്രസ്സിൽ ഒരുമാസമായിതുടർന്നുവരുന്ന പണിമുടക്കു് വഷളായിത്തീരാൻ ഇടയുള്ളതുകൊണ്ടു് അടിയന്തിരനടപടികൾ എടുത്തില്ലെങ്കിൽ അവിടെ കഴപ്പുണ്ടാകുമെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ മോഷൻ കൊടുത്തതു്. അതുകൊണ്ടു് തിങ്കളാഴ്ചക്കു മുൻപു് സ്റ്റൈക്കു തീർന്നുവെന്നു റിപ്പോർട്ടു് കിട്ടത്തക്കവിധത്തിൽ നടപടി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : അതു ശ്രദ്ധിക്കാം.

Mr Speaker : Order order. We can take up the matter the next day.

Inconvenience caused to the public consequent on the collapse of Vallamkulam bridge.

Mr. Speaker : I have also received another adjournment motion from Shri P. Chacko about a tragedy that has happened in the Vallamkulam Bridge while carrying machinery in trucks for the Pampa Project. I call upon the hon. Minister to state the facts.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

ഇന്നലെരാത്രി തിരുവല്ലാ കോഴഞ്ചേരി റോഡിലുള്ള വള്ളംകുളം പാലത്തിൽ കൂടി പമ്പാപ്രോജക്റ്റിലേക്കുള്ള ചില കനത്ത മെഷീനറികളും കൊണ്ടുപോകുമ്പോൾ പാലം പൊളിയുകയും, ലോറി പുഴയിൽ വീഴുകയും ചെയ്യുകയുണ്ടായി. ഇതു് പണ്ടുമുപ്പത്തഞ്ചുകൊല്ലങ്ങൾക്കു മുമ്പു് പണി തീർത്തുള്ള ഒരു ചെറിയ പാലമാണു്. കനത്ത ഭാരമുള്ള വാഹനങ്ങൾ ഈ പാലത്തിൽക്കൂടി പോകാൻ നിവർത്തിയില്ലാത്തവിധം പഴക്കം ചെന്നിട്ടുള്ള പാലമാണു്. അതുകൊണ്ടു് വലിയ ഭാരമുള്ള വാഹനങ്ങൾ ഇതിൽക്കൂടെ കൊണ്ടുപോകുന്നതിനെ നിയന്ത്രിച്ചിട്ടുണ്ടു്. അതു് ശക്തികുറഞ്ഞ പാലമാണെന്നു കാണിക്കുന്ന ഒരു ബോർഡു് അവിടെ വച്ചിട്ടുണ്ടു്. പമ്പാപ്രോജക്റ്റിലേക്കുള്ള മെഷീനറികൾ കൊണ്ടുപോകുന്നതിനു വേറെ വഴിയാണു് ഉദ്ദേശിച്ചിട്ടുള്ളതു്. പള്ളം, കുറുകച്ചാൽ, മണിമല, റാന്നി ഈ വഴികളിൽ കൂടിയാണു് കനത്ത മെഷീനറികൾ കൊണ്ടുപോകേണ്ടതു്. പിന്നെ എങ്ങനെയാണു് ഈ വഴിയിൽകൂടി കൊണ്ടുപോയതെന്നു നിശ്ചയമില്ല. ദൗർഭാഗ്യവശാൽ ആ ലോറി പോകുമ്പോൾ പാലം പൊളിഞ്ഞു വീഴുകയാണു് ചെയ്തിട്ടുള്ളതു്. ആർക്കും ജീവാപായം ഉണ്ടായിട്ടില്ല. ഉടനെതന്നെ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എടുക്കേണ്ടതു് അത്യാവശ്യമാണു്. ചീഫ് ഇൻജിനീയർ ആ സ്ഥലം നോക്കാൻ പോയിട്ടുണ്ടു്. അദ്ദേഹം പുതിയ പാലം പണിയുന്നതിനുള്ള റിപ്പോർട്ടു സമർപ്പിക്കുന്നതാണു്. കഴിയുന്നത്രവേഗം പാലം പുതുക്കിപണിയുന്നതിനുള്ള നടപടികൾ ഗവണ്മെന്റു് സ്വീകരിക്കുകയും ചെയ്യുന്നതാണു്.

Mr. Speaker : In view of the facts stated by the hon. Minister, I withhold consent for the moving of the motion.

LIBRARY ARCHIVES Kerala Legislative Assembly